
Farmers FIRST Programme (FFP)

# അമ്മതെങ്ങും തൈകളും

## – പരിചരണ മികവ് പ്രധാനം



ഐ.സി.എ.ആർ – കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം

**ICAR - CENTRAL PLANTATION CROPS RESEARCH INSTITUTE**

भाकृअनुप - केन्द्रीय रोपण फसल अनुसंधान संस्थान

An ISO 9001:2008 Certified Institute

Kudlu. P.O, Kasaragod -671124, Kerala, India

Phone: 04994 232893 - 95, 233090, 232333 (Director); Fax: 04994 232322

E-mail: cpcri@nic.in, website: www.cpcri.gov.in

Scanned by CamScanner

കേരളത്തിന്റെ അടിസ്ഥാന വിളയാണ് തെങ്ങ്. മലയാളിയുടെ നിത്യജീവിതവുമായി ഇഴുകി ചേർന്നു കിടക്കുന്ന തെങ്ങ് കർഷകരുടെ സാമ്പത്തിക നിലയിലും ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. നാളീകേരകൃഷിയിൽ നിന്നും കൂടുതൽ വരുമാനം നേടുന്നതിന് തെങ്ങിന്റെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഒരിക്കൽ ഫലം നല്കിത്തുടങ്ങിയാൽ തുടർച്ചയായി ദശാബ്ദങ്ങളോളം ആദായം നല്കാൻ കഴിവുള്ള ഒരു വിളയാണ് തെങ്ങ്. നടീൽ വസ്തുക്കളുടെ ഗുണ മേന്മയെ ആശ്രയിച്ചാണ് തൈകളുടെ വളർച്ചയും ഭാവിയിൽ അവയിൽ നിന്നുള്ള ആദായവും നിലകൊള്ളുന്നത്. അതുകൊണ്ടു തന്നെ നല്ല ഇനത്തിൽപ്പെട്ടതും നിലവാരമുള്ളതുമായ തെങ്ങിൻതൈകൾ നടാനായി ഉപയോഗിക്കണം.

### അമ്മതെങ്ങ്

നമ്മുടെ നാട്ടിൻപുറങ്ങളിൽ കാണപ്പെടുന്ന അത്യുൽപ്പാദനശേഷിയും കാറ്റുവീഴ്ചയോ മറ്റു രോഗകീടങ്ങളോ ഇല്ലാത്ത ലക്ഷണമൊത്ത മാതൃവൃക്ഷങ്ങളാണ് അമ്മതെങ്ങ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇവയ്ക്ക് പാരമ്പര്യമായി ലഭിച്ച ഉത്തമഗുണങ്ങൾ പിന്നീടുള്ള തലമുറകളിലും പ്രകടമാകുമെന്നതിനാൽ ഒരു അമ്മയോടെന്നപോലെ കരുതലും സ്നേഹവും അമ്മതെങ്ങുകൾക്ക് നൽകി ഭാവിയിൽ മികച്ച തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിക്കാനായി ഇവ ഉപയോഗിക്കാം.

### സ്വഭാവ ഗുണങ്ങൾ

- **സ്ഥിരമായി കായ്ക്കുന്നതും വർഷത്തിൽ 80 തേങ്ങയിൽ കുറയാത്ത ഉല്പാദനമുള്ളവ.**
- **35 വർഷത്തിനുമേൽ പ്രായമുള്ളവ.**
- **വിടർന്ന ഓലകൾ 30ൽ കൂടുതൽ ഉണ്ടായിരിക്കണം.**
- **കരുത്തുറ്റ കുലഞെട്ടോടുകൂടിയ 12 കുലകളെങ്കിലും ഉള്ളവ.**
- **ഇടത്തരം വലിപ്പമുള്ള നീണ്ടുരുണ്ട നാളീകേരം.**
- **പൊതിച്ച തേങ്ങായ്ക്ക് 600 ഗ്രാമിൽ കൂടുതൽ ഭാരവും ഒരു തേങ്ങയിൽ നിന്ന് കുറഞ്ഞത് 150 ഗ്രാം കൊപ്ര ലഭിക്കുന്നവയുമായിരിക്കണം.**
- **രോഗകീടങ്ങളിൽ നിന്നും വിമുക്തമായവ.**

തെരെഞ്ഞെടുത്ത അമ്മതെങ്ങുകളിൽ നിന്നും നല്ല വിത്തു തേങ്ങകൾ ശേഖരിച്ച് പാകി കിളിർപ്പിച്ച് തൈകളാകുന്ന അവസരത്തിൽ പ്രകടമാകുന്ന ചില സ്വഭാവഗുണങ്ങളുടെ അടിസ്ഥാനത്തിൽ ഗുണമേന്മയുള്ള തൈകൾ തെരെഞ്ഞെടുക്കാം.

**മികച്ച തൈകളുടെ ലക്ഷണങ്ങൾ**



### തെങ്ങിൻ തൈകൾ കരുതലോടെ കൈകാര്യം ചെയ്യുക

നഴ്സറിയിൽ നിന്നും മൺവെട്ടിയോ പാരയോ ഉപയോഗിച്ച് ശ്രദ്ധയോടെ തൈകൾ ഇളക്കി മാറ്റണം. കടഭാഗത്ത് ക്ഷതം വരുന്ന രീതിയിൽ ഓലകളിൽ പിടിച്ചു വലിക്കരുത്. പിഴുതെടുത്ത തൈകൾ കഴിവതും നേരത്തെ നടുക.

### മികച്ച പരിപാലനത്തിലൂടെ ഉയർന്ന വിളവ്

നല്ല തെങ്ങിൻ തൈകൾ തിരഞ്ഞെടുത്ത് ശരിയായ രീതിയിൽ പരിചരണ മുറകൾ

അമ്മതെങ്ങും തൈകളും

യഥാസമയം അവലംബിച്ചാൽ മാത്രമേ തെങ്ങ് ആരോഗ്യത്തോടെ വളരുകയും യഥാസമയം കായ്ക്കുകയും ചെയ്യുകയുള്ളൂ. നടീൽ മുതൽ ആദ്യത്തെ അഞ്ചു വർഷത്തെ പരിചരണം തെങ്ങിന്റെ വളർച്ചയും ഭാവിയിൽ ലഭിക്കാവുന്ന ആദായവും നിശ്ചയിക്കുന്നു.

### കൃഷിയിടം ഏറ്റവും പ്രധാനം

നല്ലതുപോലെ സൂര്യപ്രകാശം ലഭിക്കുന്നതും നീർവാർച്ചാ സൗകര്യവുമുള്ള സ്ഥലം വേണം നടാനായി തെരഞ്ഞെടുക്കേണ്ടത് താഴ്ന്ന പ്രദേശമാണെങ്കിൽ കൂനകൾ ഉണ്ടാക്കി തൈകൾ നടംം.

### മണ്ണ് അനുസരിച്ച് കുഴിയുടെ വിസ്തീർണ്ണം

| മണ്ണ് | കുഴിയുടെ വിസ്തീർണ്ണം<br>നീളം X വീതി X താഴ്ച (മീറ്റർ) |
|---|---|
| ചെങ്കൽ | 1.2 X 1.2 X 1.2 |
| പശിമരാശി | 1.0 X 1.0 X 1.0 |
| മണൽ | 0.75 X 0.75 X 0.75 |



തൈകൾ നടുന്നതിനു മുമ്പായി ചാണകപ്പൊടിയും ചാരവും മേൽ മണ്ണും കലർന്ന മിശ്രിതം ഉപയോഗിച്ച് കുഴിയുടെ പകുതി ഭാഗത്തോളം നിറയ്ക്കണം. പിന്നീട് മദ്ധ്യഭാഗത്തായി ചെറിയ കുഴിയെടുത്ത് തൈവെച്ച് മണ്ണിട്ട് നന്നായി ഉറപ്പിക്കുക. തൈ നടുമ്പോൾ ഓലക്കവിളുകളിൽ മണ്ണ് വീഴാതെ നോക്കണം.

### നടീൽ അകലം

പ്രകൃതി വിഭവങ്ങളായ സൂര്യപ്രകാശം, മണ്ണ്, ജലം, വായു എന്നിവയുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുവാനും പരസ്പര മത്സരം ഒഴിവാക്കുവാനും നല്ല വിളവ് ലഭിക്കുന്നതിനും തൈകൾ തമ്മിൽ നിശ്ചിത അകലം നല്കണം (കുറഞ്ഞത് 7.5 മീറ്റർ).

### നടീൽ സമയം

സാധാരണയായി മെയ്-ജൂൺ മാസങ്ങളിൽ (കാലവർഷത്തോടൊപ്പം) തൈകൾ നടാം. വെള്ളം കെട്ടി നില്ക്കുന്ന സ്ഥലങ്ങളിൽ മഴക്കാലം കഴിഞ്ഞ് നവംബർ മാസത്തിൽ നടുന്നതാണ് നല്ലത്.

### തൈതെങ്ങുകളുടെ പരിചരണം



- **തൈ കാറ്റത്ത് ഉലയാതെ കുറ്റികളിൽ കെട്ടി നിർത്തുക.**
- **മഴ സമയത്ത് തൈക്കുഴിയിൽ വെള്ളം കെട്ടി നിൽക്കാൻ ഇട നൽകാതിരിക്കുക.**
- **തൈകളുടെ കടഭാഗത്ത് അടിയുന്ന മണ്ണ് മാറ്റുക.**
- **വേനൽ മാസങ്ങളിൽ തണൽ നല്കുക.**
- **കുഴികളിൽ വളരുന്ന കളകൾ പറിച്ച് നീക്കുക.**
- **വേനൽ മാസങ്ങളിൽ ഒന്നിടവിട്ട് ജലസേചനം നല്കുക.**
- **തൈ വളരുന്നതനുസരിച്ച് വശങ്ങളിൽ നിന്നും മണ്ണ് വെട്ടി തടത്തിലിട്ട് കുഴിയുടെ ആഴം കുറയ്ക്കുകയും വ്യാസം കൂട്ടുകയും വേണം.**

### സംയോജിത വളപ്രയോഗം

ശരിയായ വളർച്ചയ്ക്കും നേരത്തെ പുഷ്പിക്കുന്നതിനും നല്ല ഉല്പാദനം ലഭിക്കുന്നതിനും തൈകൾ നട്ട് ആദ്യവർഷം തന്നെ വളപ്രയോഗം നടത്തണം. നട്ട് മൂന്ന് മാസം കഴിഞ്ഞ് ആദ്യത്തെ വളപ്രയോഗം നടത്താം.

Scanned by CamScanner

## വളപ്രയോഗം (തെങ്ങ് ഒന്നിന് ഗ്രാം എന്ന കണക്കിൽ)

| | ആദ്യതവണ (മെയ് – ജൂൺ) | | | രണ്ടാം തവണ (ആഗസ്റ്റ് – സെപ്റ്റംബർ) | | |
|---|---|---|---|---|---|---|
| തൈതെങ്ങുകളുടെ പ്രായം | യൂറിയ | മസൂറി ഫോസ് | പൊട്ടാഷ് | യൂറിയ | മസൂറി ഫോസ് | പൊട്ടാഷ് |
| തൈ നടുമ്പോൾ | – | – | – | 110 | 150 | 190 |
| ഒന്നാം കൊല്ലം | 120 | 170 | 190 | 240 | 340 | 375 |
| രണ്ടാം കൊല്ലം | 240 | 340 | 380 | 480 | 680 | 750 |
| മൂന്നാം കൊല്ലം | 365 | 500 | 565 | 730 | 1000 | 1125 |

അമ്ലാംശം കൂടതലുള്ള മണ്ണിൽ രാസവളങ്ങൾക്ക് പുറമേ തെങ്ങൊന്നിന് ഒരു കി.ഗ്രാം വീതം കുമ്മായം/ ഡോളോമൈറ്റ് രാസവളം ഇടുന്നതിന് രണ്ടാഴ്ച മുമ്പായി തടത്തിൽ വിതറി ചേർക്കാം. ഓഗസ്റ്റ്-സെപ്തംബറിൽ 2–10 കി.ഗ്രാം ജൈവവളം (ആദ്യ കൊല്ലം 2 കി.ഗ്രാം., 2–ാം കൊല്ലം 5 കി.ഗ്രാം. പിന്നീടുള്ള കൊല്ലങ്ങളിൽ 10 കി.ഗ്രാം) കൂട്ടിച്ചേർത്ത് കുഴിയുടെ ഉൾഭാഗം അരിഞ്ഞിറക്കി ഭാഗികമായി മൂടിയശേഷം രാസവളം ചേർക്കുക.

തെങ്ങിൻ തടങ്ങളിൽ വൻപയർ (100 ഗ്രാം) വിത്ത് മുളപ്പിച്ചു മഴയ്ക്ക് മുൻപായി വിതക്കാം. ഇപ്രകാരം വിതച്ച പയർചെടികൾ പൂക്കാൻ തുടങ്ങുമ്പോൾ മണ്ണിൽ ചേർത്തു കൊടുക്കണം.

### കൊമ്പൻചെല്ലിയെ അകറ്റിനിർത്താം

2–3 മാസത്തിലൊരിക്കൽ ഓലക്കവിളുകളിൽ കല്ലുപ്പ്+ചാരം+മണൽ (1:1:1 അനുപാതത്തിൽ) കലർത്തി നിറക്കുക. ഗുണമേന്മയുള്ള വേപ്പിൻ പിണ്ണാക്ക്/മരോട്ടിപ്പിണ്ണാക്ക് എന്നിവ സമം മണലുമായി ചേർത്ത് കവിളുകളിൽ നിറയ്ക്കുക.

ഫെർട്ടറ/ഫിപ്രോണിൽ എന്ന കീടനാശിനി 5 ഗ്രാം സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ കവറുകളിലാക്കി ഓലക്കവിളുകളിൽ വെയ്ക്കുന്നതും ഫലപ്രദമാണ്.



**'മികച്ച തെങ്ങിൻ തൈകളുടെ ശാസ്ത്രീയ പരിചരണത്തിലൂടെ ഭാവിയിലെ വിള വർദ്ധനവ് ഉറപ്പാക്കുക.'**

Published by :
Dr. P. Chowdappa, Director, ICAR-CPCRI, Kasaragod
Dr. V. Krishnakumar, Head, ICAR-CPCRI, R.S, Kayamkulam.

Compiled by :
Shareefa, M., Indhuja, S, Scientists
Josephrajkumar, A, Principal Scientist

Edited by :
Dr. Anithakumari, P., Principal Scientist, ICAR-CPCRI, R.S, Kayamkulam.

Farmers FIRST Project
Funded by
Indian Council of Agricultural Research (ICAR)
FFP being implemented in Pathiyoor Panchayath, Alappuzha Dist., Kerala with participation and involvement of the Panchayath committee, Farmer leaders, Women SHGs, Rural youths and the farming community

हर कदम, हर डगर
किसानों का हमसफर
भारतीय कृषि अनुसंधान परिषद
Agrisearch with a human touch

May 2018

Scanned by CamScanner